വടവുകോട് - പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത്

# പുറ്റുമാനൂർ ഗവ. യു.പി. സ്കൂൾ

## പുത്തൻകുരിശ് തപാൽ

## കോലഞ്ചേരി വിദ്യാഭ്യാസ ഉപജില്ല

എറണാകുളം - 682308

ഫോൺ - 9446762687, 9947834689

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## ഘട്ടം 5

## 2025-26 അധ്യയനവർഷം

അക്കാദമിക മികവ്
വിദ്യാലയ മികവ്

*നാട്ടിലെ വിദ്യാലയം*
*നമ്മുടെ വിദ്യാലയം*

## ആമുഖം

വടവുകോട് - പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ പുറ്റുമാനൂർ വാർഡിൽ സ്ഥിതി ചെയ്യുന്ന ഏക പൊതുസ്ഥാപനമാണ് പുറ്റുമാനൂർ ഗവ. യു.പി. സ്കൂൾ. നൂറ്റിആറ്വർഷമായി നാടിന് അക്ഷരവെളിച്ചം പകർന്നു നൽകുന്ന ഈ പൊതുവിദ്യാലയത്തിൽ നിന്നും നിരവധി പേർ മികവ് തെളിയിച്ച് ജീവിതം നയിക്കുന്നു.

കോലഞ്ചേരി വിദ്യാഭ്യാസ ഉപജില്ലയിൽ ഏറ്റവും നൂതനമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് വിജയിപ്പിച്ചും സാമൂഹികവും സാംസ്കാരികവും വിദ്യാഭ്യാസപരമായും ഈ നാടിന് വെളിച്ചം പകർന്ന് മികവിന്റെ കേന്ദ്രമായി പുറ്റുമാനൂർ ഗവ. യു.പി.സ്കൂൾ വളർന്ന് കഴിഞ്ഞു. വിദ്യാലയ വികസന സമിതി, പി.ടി.എ., ഗ്രാമപഞ്ചായത്ത്, ജനപ്രതിനിധികൾ, പൂർവ്വവിദ്യാർത്ഥികൾ, അധ്യാപകർ, നാട്ടുകാർ, വിവിധ രാഷ്ട്രീയ സാംസ്കാരിക സംഘടനകൾ എന്നിവരുടെ ശക്തമായ പിന്തുണയും നേതൃപരമായ ഇടപെടലുമാണ് ഈ വളർച്ചയ്ക്ക് സഹായകമായി മാറിയത്.

## ദർശനം

പുറ്റുമാനൂർ ഗവ.യു.പി. സ്കൂളിലെ ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി, ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ ഓരോ ക്ലാസ് മുറിയിലും നല്ല പഠനാന്തരീക്ഷവും മികച്ച പഠനരീതികളും.

## ലക്ഷ്യങ്ങൾ

* ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാകുന്നു.
* വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
* വിദ്യാർത്ഥികൾക്ക് ക്ലാസ്മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാ, കായിക, പ്രവൃത്തി പരിചയ പഠന പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
* വിദ്യാലയത്തിലെ പഠന പിന്തുണാസംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
* സുസ്ഥിരവികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ (കളിയുപകരണങ്ങൾ, ഉദ്യാനം, മൈതാനം....) എന്നിവ വിദ്യാർത്ഥി സൗഹൃദമായി രൂപകൽപ്പന ചെയ്യുകയും വിദ്യാർത്ഥികളോടൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാക്കുകയും ചെയ്യുന്നു.
* ഓരോ അധ്യാപികയും ആധുനിക സാങ്കേതികവിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.
* വിദ്യാർത്ഥികളും വിദ്യാർഥികളും തമ്മിലും വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

* ഓരോ വിദ്യാർത്ഥിയേയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്നതരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.
* പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

**2024 – 25 കഴിഞ്ഞ വർഷം തയ്യാറാക്കിയ കർമ്മപദ്ധതികളുടെ വിലയിരുത്തൽ**

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞ പ്രവർത്തനങ്ങളുടെ ഭാഗമായി പുറ്റുമാനൂർ ഗവ. യു.പി. സ്കൂളിന്റെ നേതൃത്വത്തിലും അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരുന്നു. കഴിഞ്ഞ മൂന്ന് ഘട്ടങ്ങളിലും ഒന്നാംഘട്ട അക്കാദമിക് മാസ്റ്റർ പ്ലാൻ അനുസരിച്ച് 2019 - 20 അധ്യായന വർഷം 50 ഇന കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാൻ തീരുമാനിച്ചു. പി.ടി. എ., എസ്.എം.സി., മാതൃസംഘം, സ്കൂൾ വികസന സമിതി എന്നിവരുടെ സംയുക്തയോഗം ചേർന്ന് പദ്ധതി നിർവ്വഹണത്തെക്കുറിച്ച് ആലോചിച്ചും ചർച്ച ചെയ്തും പ്രവർത്തനങ്ങളുമായി മുന്നോട്ട് പോയി. എന്നാൽ നിർദ്ദിഷ്ട പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഏറ്റെടുത്ത പ്രവർത്തനങ്ങളുടെ ബാഹുല്യം പ്രധാന തടസ്സമായി എന്നത് രേഖപ്പെടുത്താതെ വയ്യ. എങ്കിലും ഏറ്റെടുത്ത പ്രവർത്തനങ്ങൾ പരമാവധി ചെയ്യുകയും പുതിയ സാഹചര്യങ്ങൾക്കനുസരിച്ച് പ്രവർത്തനങ്ങളുടെ രീതികൾ വ്യത്യസ്തമാക്കുകയും ചെയ്തു. കോവിഡ് അടച്ചിടൽ കാലത്ത് ഏറ്റവും വൈവിധ്യവും നൂതനത്വമുള്ളതുമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് വിദ്യാലയത്തെ ജനകീയമാക്കുവാൻ കഴിഞ്ഞു. ഭരണപരമായ അനുകൂലസാഹചര്യങ്ങൾ വിദ്യാലയത്തിന്റെ സമഗ്രമായ ഗുണതയിലേക്ക് നയിച്ചു എന്നത് പ്രതീക്ഷയുളവാക്കുന്നു. രണ്ട്, മൂന്ന് ഘട്ടങ്ങളിലായി മാസ്റ്റർ പ്ലാൻ നിർവ്വഹണത്തിന് പരമാവധി ഇടപെടലുകൾ നടത്തി. ഇനിയും പൂർത്തീകരിക്കേണ്ട ലക്ഷ്യങ്ങൾ നിരവധി.

**അവസ്ഥാപഠനം – പ്രധാന കണ്ടെത്തലുകൾ**

**ഭാഷ**

കഴിഞ്ഞ മൂന്ന് ഘട്ടങ്ങളിലായി ഭാഷാപഠനത്തിന് നൽകിയ പ്രത്യേക പരിഗണന കുട്ടികളിലെ ഭാഷാപഠനത്തിന് ഏറെ സഹായകമായി. തീവ്രമായ ഭാഷാപ്രശ്നങ്ങൾ നേരിട്ട കുട്ടികളെപ്പോലും മികച്ച ശേഷിയിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. മധുരമൊഴിയുടെ (കൈത്താങ്ങ്) പ്രവർത്തനങ്ങൾ വളരെ സഹായകമായി. പഠാനുബന്ധ വായനസാമഗ്രികളും നൂറുദിന പരിപാടികളും ഇതിന് സഹായം ചെയ്തു. പാഠാനുബന്ധ വായനസാമഗ്രികളും നൂറുദിന പരിപാടികളും ഇതിന് സഹായം ചെയ്തു. 116 കുട്ടികളിൽ 62 കുട്ടികൾ ഭാഷാശേഷി ഉറയ്ക്കാത്തവരായി മൂന്നാംഘട്ട കർമ്മ പദ്ധതി നിർവ്വഹണ കാലയളവിലുണ്ടായിരുന്നു (55%). എന്നാൽ ഇപ്പോൾ 26 കുട്ടികളായി (22%) ആയി കുറഞ്ഞു. ഇതിൽ 5 കുട്ടികൾ (4%) പ്രത്യേക പരിഗണനയർഹിക്കുന്നവരാണ്. ഈ അധ്യയന വർഷം 2025 - 26 - ൽ 100% വിജയം ഉറപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തനം.

മേഖല - വായന (1 മുതൽ 7 വരെ) @ മാർച്ച് 2026

| ക്ലാസ്സ് | എണ്ണം ആകെ | ആശയ വ്യക്തതയോടെ സ്വതന്ത്രമായി വായിക്കുന്നു | അധ്യാപകന്റെ സഹായത്തോടെ വായിക്കുന്നു | വായിക്കാൻ ശ്രമിക്കുന്നു |
|---|---|---|---|---|
| 1 | 20 | 19 | 6 | 3 |
| 2 | 25 | 10 | 3 | 3 |
| 3 | 29 | 8 | 7 | 3 |
| 4 | 17 | 6 | 6 | 6 |
| 5 | 18 | 10 | 13 | 0 |
| 6 | 18 | 22 | 8 | 0 |
| 7 | 19 | 8 | 5 | 0 |
| | 146 | | | |

മേഖല - ലേഖനം @ മാർച്ച് 2026

| ക്ലാസ്സ് | ആകെ എണ്ണം | ആശയവ്യക്തതയോടെ സ്വതന്ത്രമായി എഴുതുന്നു | ആശയവ്യക്തതയോടെ ചെറിയ തെറ്റുകൾ വരുത്തി എഴുതുന്നു | അധ്യാപകന്റെ സഹായത്തോടെ എഴുതുന്നു | എഴുതാൻ ശ്രമിക്കുന്നു |
|---|---|---|---|---|---|
| 1 | 20 | 17 | 6 | 3 | 0 |
| 2 | 25 | 10 | 3 | 3 | 0 |
| 3 | 29 | 8 | 7 | 3 | 0 |
| 4 | 17 | 6 | 6 | 6 | 0 |
| 5 | 18 | 10 | 13 | 0 | 0 |
| 6 | 18 | 22 | 8 | 0 | 0 |
| 7 | 19 | 8 | 5 | 0 | 0 |

## ENGLISH

Most of the students in Puttumanoor are very poor in English. Because they are not use in English their day to day life. So, they could not get a chance to express their ideas and throughts. Their English language knowledge are very poor.

**Area - Reading (1 to 7) @ March 2026**

| Class | Total Strength | Read Independily | Read with the help of Teacher | Try to read |
|---|---|---|---|---|
| 1 | 20 | 5 | | |
| 2 | 25 | | | |
| 3 | 29 | | | |
| 4 | 17 | | | |
| 5 | 18 | | | |
| 6 | 18 | | | |
| 7 | 19 | | | |

**Area - Reading (1 to 7) @ March 2026**

| Class | Total Number | Write Independily | Write with the help of Teacher | Try to Write |
|---|---|---|---|---|
| 1 | 20 | 5 | | |
| 2 | 25 | | | |
| 3 | 29 | | | |
| 4 | 17 | | | |
| 5 | 18 | | | |
| 6 | 18 | | | |
| 7 | 19 | | | |

**ഗണിതം**

ഒന്നാംക്ലാസ്സുമുതലുള്ള കുട്ടികൾ ഗണിതപഠനത്തിൽ വലിയ പ്രതിസന്ധികൾ നേരിടുന്നുണ്ട്. അധ്യാപകൻ പറയുന്ന കാര്യങ്ങൾ കുട്ടി ഗ്രഹിച്ചെടുക്കുന്നതിലുള്ള പോരായ്മയിൽ നിന്നും ഗണിതപഠനത്തിന്റെ പ്രതിസന്ധി ആരംഭിക്കുന്നു. കുട്ടിയോട് അധ്യാപകൻ പറയുന്നത് ശരിയായ രീതിയിൽ മനസ്സിലാക്കാൻ കുട്ടിയ്ക്ക് കഴിയുന്നില്ല എന്നതും കുട്ടിയുടെ പക്ഷത്തു നിന്ന് അധ്യാപകന് സംസാരിക്കാൻ കഴിയുന്നില്ല എന്നതും പ്രതിസന്ധിയുടെ ആക്കം വർദ്ധിപ്പിക്കുന്നു. ഇത് പരിഹരിക്കപ്പെടാതെ ഗണിതപഠനം ആകർഷകമാവില്ല. ഗണിതശാസ്ത്രത്തിന്റെ ബോധനരീതികൾ അധ്യാപകരിലേയ്ക്ക് ശരിയായ പരിശീലനം വഴി എത്തിച്ചുകൊണ്ട് മാത്രമേ ഈ പ്രശ്നം പരിഹരിക്കുവാൻ സാധിക്കൂ. ഗണിതവിജയവും ഉല്ലാസഗണിതവും ഇതിന് നിമിത്തമാവണം. പുറ്റുമാനൂർ ഗവ. യു.പി. സ്കൂളിൽ പഠിക്കുന്ന ഭൂരിഭാഗം കുട്ടികൾക്കും ഗണിതം ഒരു കീറാമുട്ടിയായി തുടരുകയാണ്.

**ഗണിതം**

**മേഖല - ചതുഷ്ക്രിയകൾ (എൽ.പി., യു.പി. തലം) @ മാർച്ച് 2026**

| ക്ലാസ്സ് | ആകെ എണ്ണം | കുട്ടി സ്വയം ചെയ്യുന്നു | അധ്യാപകന്റെ സഹായത്തോടെ ചെയ്യുന്നു | ശ്രമം നടത്തുന്നു |
|---|---|---|---|---|
| 1 | 20 | | | |
| 2 | 25 | | | |
| 3 | 29 | | | |
| 4 | 17 | | | |
| 5 | 18 | | | |
| 6 | 18 | | | |
| 7 | 19 | | | |

**മേഖല - പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു (1-7 വരെ) @ മാർച്ച് 2026**

| ക്ലാസ്സ് | ആകെ എണ്ണം | കുട്ടി സ്വയം ചെയ്യുന്നു | അധ്യാപകന്റെ സഹായത്തോടെ ചെയ്യുന്നു | ശ്രമം നടത്തുന്നു |
|---|---|---|---|---|
| 1 | 20 | | | |
| 2 | 25 | | | |
| 3 | 29 | | | |
| 4 | 17 | | | |
| 5 | 18 | | | |
| 6 | 18 | | | |
| 7 | 19 | | | |

**മേഖല - ചോദ്യങ്ങൾ വായിച്ച് മനസിലാക്കി കൃത്യതയോടെ ഉത്തരം കണ്ടെത്തുന്നതിന് (1- 7 വരെ) @ മാർച്ച് 2026**

| ക്ലാസ്സ് | ആകെ എണ്ണം | കുട്ടി സ്വയം ചെയ്യുന്നു | അധ്യാപകന്റെ സഹായത്തോടെ ചെയ്യുന്നു | ശ്രമം നടത്തുന്നു |
|---|---|---|---|---|
| 1 | 20 | | | |
| 2 | 25 | | | |
| 3 | 29 | | | |
| 4 | 17 | | | |
| 5 | 18 | | | |
| 6 | 18 | | | |
| 7 | 19 | | | |

**ശാസ്ത്രം**

പ്രക്രിയാ ബന്ധിതമായ ആസൂത്രണത്തിന്റെ കുറവ് ശാസ്ത്രവിഷയത്തിലെ പഠന പിന്നാക്കാവസ്ഥയ്ക്ക് കാരണമാകുന്നു എന്നത് സ്വയം വിമർശനമായി കാണുന്നു. കാരണം കുട്ടിയ്ക്ക് ശാസ്ത്രത്തോട് അഭിരുചി വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തുടർച്ചയും വളർച്ചയുമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ചെയ്യുന്നതിന് സമയം അനുവദിക്കാറില്ല. ആയതിനാൽ പാഠപുസ്തകത്തിനുമപ്പുറം പ്രവർത്തനങ്ങളിലേയ്ക്ക് കടക്കാൻ അധ്യാപകന് കഴിയുന്നില്ല. ഈ പരിമിതികളെ മറികടക്കാൻ വിദ്യാലയത്തിന് കഴിയേണ്ടതുണ്ട്.

**മേഖല - ശാസ്ത്രകാര്യങ്ങൾ തിരിച്ചറിയൽ (എൽ.പി. തലം) @ മാർച്ച് 2024**

| ക്ലാസ്സ് | ആകെ എണ്ണം | കുട്ടിയ്ക്ക് സ്വയം തിരിച്ചറിയാൻ കഴിയുന്നു | അധ്യാപകന്റെ സഹായത്തോടെ തിരിച്ചറിയാൻ കഴിയുന്നു | ശാസ്ത്രകാര്യം തിരിച്ചറിയാനേ കഴിയുന്നില്ല |
|---|---|---|---|---|
| 1 | 20 | | | |
| 2 | 25 | | | |
| 3 | 29 | | | |
| 4 | 17 | | | |
| 5 | 18 | | | |
| 6 | 18 | | | |
| 7 | 19 | | | |

**മേഖല – ശാസ്ത്രീയമായ കാര്യങ്ങളുടെ വിശകലനവും രേഖപ്പെടുത്തലും (3 മുതൽ 7 വരെ) @ മാർച്ച് 2026**

| ക്ലാസ്സ് | ആകെ എണ്ണം | ശാസ്ത്രകാര്യങ്ങൾ വിശകലനം ചെയ്യലും രേഖപ്പെടുത്തലും | അധ്യാപകന്റെ സഹായത്തോടെ വിശകലനം ചെയ്യലും രേഖപ്പെടുത്തലും | ശ്രമം നടത്തുന്നു |
|---|---|---|---|---|
| 1 | 20 | | | |
| 2 | 25 | | | |
| 3 | 29 | | | |
| 4 | 17 | | | |
| 5 | 18 | | | |
| 6 | 18 | | | |
| 7 | 19 | | | |

**മേഖല – ശാസ്ത്രീയമായ അഭിരുചി വളർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു (1 മുതൽ 7 വരെ) @ മാർച്ച് 2026**

| ക്ലാസ്സ് | ആകെ എണ്ണം | ശാസ്ത്രീയമായ അഭിരുചി വളർത്തുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടൽ | അധ്യാപകന്റെ സഹായത്തോടെ ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു | ശ്രമം നടത്തുന്നു |
|---|---|---|---|---|
| 1 | 20 | | | |
| 2 | 25 | | | |
| 3 | 29 | | | |
| 4 | 17 | | | |
| 5 | 18 | | | |
| 6 | 18 | | | |
| 7 | 19 | | | |

**മേഖല – ശാസ്ത്ര പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു (3 മുതൽ 7 വരെ) @ മാർച്ച് 2026**

| ക്ലാസ്സ് | ആകെ കുട്ടികൾ | സ്വതന്ത്രമായി ആസൂത്രണം ചെയ്ത് അനുയോജ്യമായ ഉപകരണങ്ങൾ തിരഞ്ഞെടുത്ത് പരീക്ഷണം നടത്തി നിഗമനങ്ങളിലെത്തുന്നു | പരീക്ഷണങ്ങളിലേർപ്പെടുന്നു. നിഗമനത്തിലെത്തിച്ചേരാൻ കഴിയുന്നില്ല | അധ്യാപകന്റെ സഹായത്തോടെ പരീക്ഷണം ചെയ്യുന്നു |
|---|---|---|---|---|
| 3 | 29 | | | |
| 4 | 17 | | | |
| 5 | 18 | | | |
| 6 | 18 | | | |
| 7 | 19 | | | |

**മേഖല - ചെയ്ത പരീക്ഷണത്തിന്റെ കുറിപ്പ് തയ്യാറാക്കുന്നു (1 മുതൽ 7 വരെ) @ മാർച്ച് 2026**

| ക്ലാസ്സ് | ആകെ കുട്ടികൾ | ചെയ്ത പരീക്ഷണത്തിന്റെ കുറിപ്പ് തയ്യാറാക്കുന്നു | അധ്യാപകന്റെ സഹായത്തോടെ തയ്യാറാക്കുന്നു | ശ്രമം നടത്തുന്നു |
|---|---|---|---|---|
| 1 | 20 | | | |
| 2 | 25 | | | |
| 3 | 29 | | | |
| 4 | 17 | | | |
| 5 | 18 | | | |
| 6 | 18 | | | |
| 7 | 19 | | | |

**മേഖല - സ്വതന്ത്രമായി ശാസ്ത്ര പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിന് സാധിക്കുന്നു. (3 മുതൽ 7 വരെ) @ മാർച്ച് 2026**

| ക്ലാസ്സ് | ആകെ കുട്ടികൾ | സ്വതന്ത്രമായി ശാസ്ത്ര പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു | അധ്യാപകന്റെ സഹായത്തോടെ ശാസ്ത്ര പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു | ശ്രമം നടത്തുന്നു |
|---|---|---|---|---|
| 3 | 29 | | | |
| 4 | 17 | | | |
| 5 | 18 | | | |
| 6 | 18 | | | |
| 7 | 19 | | | |

**മേഖല - തന്റെ ചുറ്റുപാടുമുള്ള ശാസ്ത്ര അത്ഭുതങ്ങൾ തിരിച്ചറിയുന്നതിന് (3 മുതൽ 7 വരെ) @ മാർച്ച് 2026**

| ക്ലാസ്സ് | ആകെ കുട്ടികൾ | തന്റെ ചുറ്റുപാടുമുള്ള ശാസ്ത്ര അത്ഭുതങ്ങൾ സ്വയം തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തുന്നതിന് | തന്റെ ചുറ്റുപാടുമുള്ള ശാസ്ത്രാത്ഭുതങ്ങൾ അധ്യാപകന്റെ സഹായത്തോടെ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തുന്നതിന് | തിരിച്ചറിയാൻ കഴിയുന്നു |
|---|---|---|---|---|
| 3 | 29 | | | |
| 4 | 17 | | | |
| 5 | 18 | | | |
| 6 | 18 | | | |
| 7 | 19 | | | |

## സാമൂഹ്യശാസ്ത്രം

സാമൂഹ്യ ബോധമുള്ള വിദ്യാർത്ഥിയെ സൃഷ്ടിക്കുന്നതിൽ വിദ്യാലയത്തിന്റെ പങ്ക് ഏറ്റവും വലുതാണ്. ഒരു പൊതു യിടം എന്ന നിലയിൽ കുട്ടിയുമായി ഏറ്റവും കൂടുതൽ ബന്ധപ്പെടുന്നതും വിദ്യാലയം തന്നെയാണ്. പുറ്റുമാനൂർ ഗവ.യു.പി. സ്കൂളിനെ സംബന്ധിച്ച്, പൊതുബോധം കുട്ടികളിൽ ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ നിരവധി പ്രവർത്തനങ്ങളാണ് ഏറ്റെ ടുത്ത് നടത്തുന്നത്. കഴിഞ്ഞ കുറെ വർഷങ്ങളായി നമ്മൾ നടത്തിയ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ സമൂഹത്തിലുണ്ടാ ക്കിയ സ്വാധീനം വളരെ വലുതാണ്. ഒരു വിഷയം എന്ന സമീപനത്തോടെ സാമൂഹ്യശാസ്ത്രത്തെ അടുത്തറിയുമ്പോൾ നമ്മുടെ കുട്ടികൾ ഇനിയും ഉയരേണ്ടതുണ്ട്.

**മേഖല - തന്റെ നാട്, നാടുമായി ബന്ധപ്പെട്ട അടിസ്ഥാന കാര്യങ്ങളെക്കുറിച്ച് ധാരണ (1 മുതൽ7 വരെ) @ മാർച്ച് 2026**

| ക്ലാസ്സ് | ആകെ കുട്ടികൾ | തന്റെ നാട്, നാടുമായി ബന്ധപ്പെട്ട അടിസ്ഥാന കാര്യങ്ങളെക്കുറിച്ച് ധാരണ | അധ്യാപകന്റെ/രക്ഷിതാവിന്റ സഹായത്തോടെ തന്റെ നാട്, നാടുമായി ബന്ധപ്പെട്ട അടിസ്ഥാന കാര്യങ്ങളെക്കുറിച്ച് ധാരണ |
|---|---|---|---|
| 1 | 20 | | |
| 2 | 25 | | |
| 3 | 29 | | |
| 4 | 17 | | |
| 5 | 18 | | |
| 6 | 18 | | |
| 7 | 19 | | |

**മേഖല - തന്റെ ചുറ്റുപാടുകളുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ സ്വയം കണ്ടെത്തി രേഖപ്പെടുത്തുന്നതിന് (3 മുതൽ 7 വരെ) @ മാർച്ച് 2026**

| ക്ലാസ്സ് | ആകെ കുട്ടികൾ | തന്റെ ചുറ്റുപാടുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ സ്വയം കണ്ടെത്തി രേഖപ്പെടുത്തുന്നതിന് | അധ്യാപകന്റെ സഹായത്തോടെ തന്റെ ചുറ്റുപാടുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ കണ്ടെത്തി രേഖപ്പെടുത്തുന്നതിന് |
|---|---|---|---|
| 3 | 29 | | |
| 4 | 17 | | |
| 5 | 18 | | |
| 6 | 18 | | |
| 7 | 19 | | |

മേഖല - ചരിത്രപുരുഷന്മാർ/വനിതകൾ എന്നിവരെക്കുറിച്ച് അന്വേഷിച്ച് കണ്ടെത്തി എഴുതുന്നതിന് (3 മുതൽ 7 വരെ)@ മാർച്ച് 2026

| ക്ലാസ്സ് | ആകെ കുട്ടികൾ | ചരിത്രപുരുഷൻമാർ/വനിതകൾ എന്നിവരെക്കുറിച്ച് അന്വേഷിച്ച് കണ്ടെത്തി എഴുതുന്നതിന് | അധ്യാപകന്റെ സഹായത്തോടെ ചരിത്ര പുരുഷന്മാർ, വനിതകൾ എന്നിവരെക്കുറിച്ച് അന്വേഷിച്ച് കണ്ടെത്തി എഴുതുന്നതിന് |
|---|---|---|---|
| 3 | 29 | | |
| 4 | 17 | | |
| 5 | 18 | | |
| 6 | 18 | | |
| 7 | 19 | | |

മേഖല - ഭൂപടം പരിശോധിച്ച് വിശകലനം ചെയ്യുന്നതിന് (3 മുതൽ 7 വരെ) @ മാർച്ച് 2026

| ക്ലാസ്സ് | ആകെ കുട്ടികൾ | ഭൂപടം പരിശോധിച്ച് സ്വയം വിശകലനം ചെയ്യുന്നതിന് | അധ്യാപകന്റെ സഹായത്തോടെ ഭൂപടം പരിശോധിച്ച് വിശകലനം ചെയ്യുന്നതിന് |
|---|---|---|---|
| 3 | 29 | | |
| 4 | 17 | | |
| 5 | 18 | | |
| 6 | 18 | | |
| 7 | 19 | | |

മേഖല - മധ്യകാല ഇന്ത്യയെക്കുറിച്ച് രേഖപ്പെടുത്തൽ (6 മുതൽ 7 വരെ) @ മാർച്ച് 2026

| ക്ലാസ്സ് | ആകെ കുട്ടികൾ | മധ്യകാല ഇന്ത്യയെക്കുറിച്ച് രേഖപ്പെടുത്തൽ | അധ്യാപകന്റെ സഹായത്തോടെ രേഖപ്പെടുത്തൽ |
|---|---|---|---|
| 6 | 18 | | |
| 7 | 19 | | |

**മേഖല - ഇന്ത്യൻ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട അടിസ്ഥാന ധാരണകൾ (4 മുതൽ 7 വരെ) @ മാർച്ച് 2026**

| ക്ലാസ്സ് | ആകെ കുട്ടികൾ | ഇന്ത്യൻ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട അടിസ്ഥാന ധാരണകൾ ഉണ്ട് | ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെക്കുറിച്ച് ഏകദേശ ധാരണ |
|---|---|---|---|
| 4 | 17 | | |
| 5 | 18 | | |
| 6 | 18 | | |
| 7 | 19 | | |

**മേഖല - കേരളത്തിലെ നവോത്ഥാന പ്രസ്ഥാനങ്ങളെക്കുറിച്ച് ധാരണ (5 മുതൽ 7 വരെ) @ മാർച്ച് 2026**

| ക്ലാസ്സ് | ആകെ കുട്ടികൾ | കേരളത്തിലെ നവോത്ഥാന പ്രസ്ഥാന ങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ | ഏകദേശ ധാരണ | അധ്യാപകന്റെ സഹായത്തോടെ ധാരണയിലെത്തുന്നു |
|---|---|---|---|---|
| 5 | 18 | | | |
| 6 | 18 | | | |
| 7 | 19 | | | |

**മേഖല - കേരളത്തിലെ നവോത്ഥാന പ്രസ്ഥാനങ്ങളെക്കുറിച്ച് ധാരണ (5 മുതൽ 7 വരെ) @ മാർച്ച് 2026**

| ക്ലാസ്സ് | ആകെ കുട്ടികൾ | ഇന്ത്യൻ നവോത്ഥാന പ്രസ്ഥാന ങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ | ഏകദേശ ധാരണ | അധ്യാപകന്റെ സഹായം ആവശ്യമുണ്ട് |
|---|---|---|---|---|
| 5 | 18 | | | |
| 6 | 18 | | | |
| 7 | 19 | | | |

**മേഖല - ലോക നവോത്ഥാനം, സമൂഹപരിഷ്ക്കരണ പ്രസ്ഥാനങ്ങൾ എന്നിവയെക്കുറിച്ച് വ്യക്തമായധാരണ (6 മുതൽ 7 വരെ) @ മാർച്ച് 2026**

| ക്ലാസ്സ് | ആകെ കുട്ടികൾ | ലോക നവോത്ഥാനം, സാമൂഹ്യ പരിഷ്ക്കരണ പ്രസ്ഥാനങ്ങൾ എന്നിവയെക്കുറിച്ച് വ്യക്തമായ ധാരണ | ഏകദേശ ധാരണയോടെ രേഖപ്പെടുത്താൻ കഴിയുന്നു |
|---|---|---|---|
| 6 | 18 | | |
| 7 | 19 | | |

**മേഖല - ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണ്ടെത്തി എഴുതുവാൻ കഴിയുന്നു (6 മുതൽ 7 വരെ) @ മാർച്ച് 2026**

| ക്ലാസ്സ് | ആകെ കുട്ടികൾ | ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണ്ടെത്തി എഴുതുവാൻ കഴിയുന്നു | ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ അധ്യാപകന്റെ സഹായത്തോടെ കണ്ടെത്തി പറയുന്നു |
|---|---|---|---|
| 6 | 18 | | |
| 7 | 19 | | |

**മേഖല - ചരിത്രാന്വേഷണം (5 മുതൽ 7 വരെ) @ മാർച്ച് 2026**

| ക്ലാസ്സ് | ആകെ കുട്ടികൾ | ചരിത്രാന്വേഷണവുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ ദത്തങ്ങൾ സ്വയം ശേഖരിച്ച് അപഗ്രഥിച്ച് നിഗമനത്തിലെത്തി ചരിത്രരചന പൂർത്തിയാക്കുന്നു | ദത്തങ്ങൾ ശേഖരിക്കുന്നു അപഗ്രഥിച്ച് ചരിത്ര രചന പ്രായോഗികമായി നടത്തുന്നു | അധ്യാപകന്റെ സഹായത്തോടെ ചരിത്രം നിർവ്വഹിക്കുന്നു |
|---|---|---|---|---|
| 5 | 18 | | | |
| 6 | 18 | | | |
| 7 | 19 | | | |

**പാഠ്യപദ്ധതി വിനിമയം**

ക്ലാസ് റൂമുകളിൽ ഉദ്ദേശിക്കുന്ന തരത്തിൽ പാഠ്യപദ്ധതി വിനിമയം ചെയ്യാൻ കഴിയുന്നില്ല എന്നത് ഒരു വസ്തുതയാണ്. നിരവധി കാരണങ്ങൾ നിരത്തിവയ്ക്കാൻ ഉണ്ടെങ്കിലും ഒരു അക്കാദമിക് മാനേജ്മെന്റ് അഭാവമാണ് മുഖ്യകാരണം എന്ന് സംശയമില്ലാതെ പറയുവാൻ കഴിയും. ഇതു പരിഹരിയ്ക്കുക എന്നതാണ് പ്രധാന വെല്ലുവിളി. സ്കൂൾ റിസോഴ്സ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ അക്കാദമിക്ക് മാനേജ്മെന്റ് ഒരു പ്രധാന അജണ്ടയായി കണ്ട് കാര്യങ്ങൾ ചെയ്യും. എസ്.ആർ.ജി യോഗത്തിൽ കൃത്യമായ ആസൂത്രണം നടത്തും. പാഠ്യപദ്ധതി വിനിമയം ചെയ്യുന്നതിനുള്ള ബുദ്ധിമുട്ടുകൾ കൂട്ടായി ചർച്ച ചെയ്ത് പുതിയ സാധ്യതകളുടെ അന്വേഷണം ആരംഭിക്കും. ഓരോ എസ്.ആർ.ജി. യോഗങ്ങളിലും പാഠ്യപദ്ധതി ആവശ്യപ്പെടുന്ന തരത്തിൽ ക്ലാസ് വിനിമയം ചെയ്യാൻ അധ്യാപകന് കഴിയുന്നുണ്ടോ എന്ന് വിലയിരുത്തും. ഇതിനായി

* പ്രക്രിയാബന്ധിതമായ ആസൂത്രണം നടത്തുന്നു.
* കുട്ടിയുടെ സ്വയം വിലയിരുത്തലിന് അവസരം
* കുട്ടികൾ തമ്മിലുള്ള പരസ്പരം വിലയിരുത്തുന്നതിനുള്ള അവസരം
* അധ്യാപകന്റെ / അധ്യാപികയുടെ വിലയിരുത്തൽ സംഘടിപ്പിക്കും.

**പഠനാന്തരീക്ഷം**

**മെച്ചപ്പെട്ട പഠനാന്തരീക്ഷം ഉറപ്പാക്കുന്നതിന്,**

* ക്ലാസ് മുറികളുടെ സജ്ജീകരണം മികച്ചതാക്കും
* ക്ലാസ് മുറികളിലെ ജനാധിപത്യം, അവസരസമത്വം, സ്വതന്ത്രചിന്ത, ലിംഗസമത്വം, എല്ലാ വിഭാഗം കുട്ടികളേയും ഉൾക്കൊള്ളുന്ന അന്തരീക്ഷം ഉറപ്പാക്കും
* അനുയോജ്യമായ പഠനോപകരണങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കും
* അധ്യാപക - വിദ്യാർത്ഥി ബന്ധം ഊഷ്മളമാക്കും
* ആധുനിക സാങ്കേതികവിദ്യയുടെ ലഭ്യതയും ഉപയോഗവും ഉറപ്പുവരുത്തും
* ക്ലാസ് ലൈബ്രറികൾ, ശാസ്ത്ര ഗണിതശാസ്ത്ര ലാബുകൾ, കമ്പ്യൂട്ടർ ലാബ് എന്നിവ മികച്ച രീതിയിൽ സജ്ജീകരിക്കും
* സ്മാർട്ട് ക്ലാസ് മുറികൾ കാര്യക്ഷമമാക്കും
* ഭിന്നശേഷി സൗഹൃദ ക്ലാസ് മുറി, നടപ്പാത, ഭിന്നശേഷി സൗഹൃദ ശുചിമുറി, ഭക്ഷണശാല എന്നിവ തയ്യാറാക്കും
* സ്കൂൾ പാർലമെന്റ് സംഘടിപ്പിച്ച് ജനാധിപത്യപരമാക്കി കാര്യങ്ങൾ ചർച്ചചെയ്ത് നടപ്പിലാക്കും.

**അധ്യാപകർ**

പാഠ്യപദ്ധതിക്ക് അനുസൃതമായി പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും വിലയിരുത്തുന്നതിനും അധ്യാപകർക്ക് കഴിയുന്നുണ്ടോ എന്ന് സ്വയം വിലയിരുത്തേണ്ടത് അത്യാവശ്യമാണ്. ഇതിന് താഴെപ്പറയുന്ന കാര്യങ്ങൾ സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് ഉറപ്പാക്കും

* സ്വതന്ത്രവും നിർഭയവുമായ അന്തരീക്ഷം
* പഠനസാമഗ്രികളുടെ യഥാസമയം ലഭ്യത
* ആവശ്യമായ പ്രദേശിക വിഭവങ്ങൾ (മനുഷ്യ വിഭവം, സമ്പത്ത്, സാമഗ്രികളുടെ ലഭ്യത)
* മികച്ച സാമൂഹിക പിന്തുണ.
* ദൈനംദിനാസൂത്രണവും സമഗ്രാസൂത്രണവും
* മികച്ച അധ്യാപക - രക്ഷാകർത്തൃബന്ധം.

**ഭൗതികസാഹചര്യം**

പുറ്റുമാനൂർ ഗവ യു.പി. സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് താഴെപ്പറയുന്ന കാര്യങ്ങൾ ഉറപ്പാക്കും.

* പരിസ്ഥിതി സൗഹൃദ - വിദ്യാർത്ഥി - സൗഹൃദ സ്കൂൾ - ക്ലാസ് അന്തരീക്ഷം

* വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ലാബോറട്ടറികൾ (ശാസ്ത്രം, ഗണിതം)
* ക്ലാസ് ലൈബ്രറി
* കളിസ്ഥലം, കളിയുപകരണം
* മതിയായ എണ്ണം ശുചിമുറികൾ, ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റുകൾ, ഭിന്നശേഷി സൗഹൃദ ക്ലാസ് മുറി, ശുചിമുറി.
* ശുദ്ധജല, വായു ലഭ്യത
* വിദ്യാർത്ഥി സൗഹൃദ, ഭിന്നശേഷി സൗഹൃദ ഫർണിച്ചർ
* മികച്ച പാചകമുറി, ഭക്ഷണശാല
* പോഷക സമൃദ്ധമായ ഉച്ചഭക്ഷണം
* അമ്മക്കറി, മാജിക് മില്ലറ്റ്സ്, സസ്യേതര ഭക്ഷണം
* ഗതാഗത സൗകര്യം
* കമ്പ്യൂട്ടർ ലാബ്

## സാമൂഹ്യ ഇടപ്പെടലുകൾ

പുറ്റുമാനൂർ ഗവ. യു.പി. സ്കൂളിന്റെ വളർച്ചയുടെ അടിസ്ഥാനകാരണം വിദ്യാലയത്തിന് സമൂഹവുമായുള്ള ബന്ധമാണ്. കോലഞ്ചേരി വിദ്യാദ്യാസ ഉപജില്ലയിൽ ഏറ്റവും മികച്ച സാമൂഹ്യ ഇടപ്പെടൽ നടത്തുന്ന പൊതുവിദ്യാലയം പുറ്റുമാനൂർ ഗവ. യു.പി. സ്കൂളാണ്. മുൻവർഷങ്ങളിലെ ഗ്രാമപഞ്ചായത്തു ഭരണസമിതികളും പി.ടി.എ., എസ്.എം.സി., സ്കൂൾ വികസന സമിതി എന്നിവയുടെ പിന്തുണയും വിദ്യാലയത്തെ ഒരുപാട് സഹായിച്ചു.

വടവുകോട് - പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ അഞ്ച് വർഷമായി നടപ്പിലാക്കി വരുന്ന 'ദിശ സമഗ്രവിദ്യാദ്യാസ പരിപാടി'യുടെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങൾ വിദ്യാലയത്തെ സഹായിച്ചു എന്നുമാത്രമല്ല വിദ്യാലയങ്ങൾ തമ്മിൽ ആരോഗ്യകരമായ മത്സരത്തിനും വഴിയൊരുക്കി. വിദ്യാലയത്തിന്റെ ഉള്ളിൽ നടക്കുന്ന മത്സരസ്വഭാവത്തോട് കൂടിയ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് മെമ്പർ നൽകുന്ന പിന്തുണ വിസ്മരിക്കുന്നത്.

കൂടാതെ പൂർവ്വ വിദ്യാർത്ഥികളുടെ സംഘടനയായ ഒ.എസ്.എ. വിദ്യാലയത്തിന്റെ ഒരു ജനകീയ മുഖം മാത്രമാണ്.

നാടിനേയും നാട്ടുകാരേയും വിദ്യാലയത്തിലേയ്ക്ക് ആകർഷിക്കുന്നതിന് വേണ്ടി നടത്തിയ അക്ഷര മഹോത്സവം, ആണ്ടോളം നീണ്ട വായന, എന്നിവ വിദ്യാലയത്തിന്റെ പെരുമ വർധിപ്പിച്ചു എന്ന് പറയാതെവയ്യ.

### വിദ്യാലയം നേരിട്ടുന്ന പ്രശ്നങ്ങൾ, വെല്ലുവിളികൾ

പുറ്റുമാനൂർ ഗവ. യു.പി. സ്കൂൾ നേരിടുന്ന പ്രധാന പ്രശ്നം കുട്ടികൾ വിവിധ വിഷയങ്ങളിൽ നേരിടുന്ന പഠന പിന്നാക്കവസ്ഥ തന്നെയാണ്. അക്കാദമികമായ പഠനവിടവുകൾ പരിഹരിക്കുക എന്നതാണ് ഏറ്റവും വലിയ വെല്ലുവിളിയായി

കാണുന്നത്. 2025-26 അധ്യായന വർഷം 'അക്കാദമിക മികവ് വിദ്യാലയ മികവ്' എന്ന നയത്തിൽ നിന്ന് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും.

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| ഭാഷ | സ്വതന്ത്രവായനയിലും ലേഖനത്തിലും പ്രശ്നം | | | | * തുടർപ്രവർത്തനങ്ങളുടെ അഭാവം<br>* വീട്ടിൽ നിന്നുള്ള ശ്രദ്ധക്കുറവ്<br>* വിലയിരുത്തൽ കുറവ്. |
| ഭാഷ | വ്യവഹാരരൂപങ്ങളെക്കുറിച്ച് ധാരണയില്ലായ്മ | | | | * വ്യവഹാരൂപ നിർമ്മിതിയുടെ പ്രക്രിയ പാലിക്കുന്നില്ല<br>* അധ്യാപകരുടെ ധാരണയില്ലായ്മ<br>* പരിശീലന കുറവ് |
| ഭാഷ | അധിക വായനയുടെ അപര്യാപ്ത | | | | * സ്കൂൾ ലൈബ്രറിയുടെപ്രവർത്തനം കാര്യക്ഷമമല്ലാത്തത്. |
| ഭാഷ | മലയാള ഭാഷയോട് താൽപര്യകുറവ് | | | | * മാതൃഭാഷയുടെ പ്രാധാന്യം അറിയില്ല |
| ഇംഗ്ലീഷ് | ഇംഗ്ലീഷ് സ്വതന്ത്രമായി കൈകാര്യം ചെയ്യാൻ കഴിയുന്നില്ല | | | | * ഇംഗ്ലീഷ് ഭാഷയോടുള്ള പേടികാരണം സ്വതന്ത്രമായി കൈകാര്യം ചെയ്യാനുള്ള തടസ്സം |
| ഹിന്ദി | ഹിന്ദി ഭാഷാപഠനം ഒരു വെല്ലുവിളിയായി മാറിയിരിക്കുന്നു. | | | | * കേൾക്കുന്നതിനും പ്രയോഗിക്കുന്ന തിനും അവസരം കുറവ്. |
| ഗണിതം | * ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസുവരെയുള്ള കുട്ടികൾക്ക് ഏറ്റവും പ്രയാസമേറിയ വിഷയമായി ഗണിതം മാറിയിരിക്കുന്നു.<br>* ഗണിതാശയങ്ങൾ കുട്ടിയിൽ ഉറയ്ക്കുന്നില്ല.<br>* ഓരോ ക്ലാസ് ഗ്രൂപ്പിൽ നിന്നും | | | | * അടിസ്ഥാന ആശയങ്ങൾ ഉറയ്ക്കുന്നില്ല.<br>* പ്രശ്നാപഗ്രഥനത്തിന് കഴിയുന്നില്ല.<br>* മികച്ച പരിശീലനത്തിന്റെ അഭാവം<br>* ഗണിത ബോധനരീതിയിലുള്ള അശാസ്ത്രീയത കാരണം ഗണിതാ ശയങ്ങൾ ഉറയ്ക്കാതെ വരുന്നു.<br>* പഠനവിടവ് പരിഹരിക്കുക എന്നത് ഒരു അജണ്ടയായി മാറ്റത്തതിനാൽ |

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| | നേടേണ്ട അടിസ്ഥാനധാരണകൾ നേടാതെ തുടർ ക്ലാസിലേക്ക് പ്രവേശിക്കുമ്പോൾ കുട്ടിയിൽ പഠന വിടവ് ഉണ്ടാവുന്നു. <br>* പാഠപുസ്തകം പൂർത്തീകരി ക്കാൻ കഴിയാത്ത സാഹചര്യം | | | | * നിലവിലെ അവസ്ഥ തുടരുന്നു കുട്ടി പിന്നാക്കക്കാരനായി തുടരുന്നു. <br>* പാഠപുസ്തകത്തിലെ ഉള്ളടക്കം കൂടുതലായതിനാൽ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുന്നില്ല |
| ശാസ്ത്രം | ശാസ്ത്രീയമായ കാഴ്ചപ്പാടുകൾ വികസിക്കുന്നില്ല. <br>* ശാസ്ത്രപരീക്ഷണങ്ങൾ സ്വയം ചെയ്യാൻ കഴിയുന്നില്ല. <br>* പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ നിഗമനത്തിലെത്തൽ എന്നിവയെക്കുറിച്ച് ധാരണയില്ല. | | | | * ശാസ്ത്രപഠനത്തിന്റെ സത്ത ഉൾക്കൊണ്ട് പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയാത്തത്. <br>* വ്യക്തമായ പരിശീലനത്തിന്റെ അഭാവം കുട്ടികൾക്ക് ഉണ്ടാകുന്നു. <br>* ശാസ്തപരീക്ഷണങ്ങൾ ചെയ്ത് അവയുടെ കുറിപ്പ് ഏഴുതുന്നതിനും നിഗമനരൂപീകരണത്തിനും വേണ്ടതായ ശ്രമം /അന്വേഷണം നടക്കുന്നില്ല |
| സാമൂഹ്യ ശാസ്ത്രം | സാമൂഹ്യശാസ്ത്രപഠനവുമായി ബന്ധപ്പെട്ട അധിക വായന ഇല്ലായ്മ <br>*ചരിത്രരചനയ്ക്ക് ധാരണയില്ലായ്മ <br>* ചരിത്രബോധം കുറവ് <br>* നവോത്ഥാന മൂല്യങ്ങൾ, മനോഭാവങ്ങൾ എന്നിവയിൽ ധാരണകുറവ് | | | | * വായനശാലയുടെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതും റഫറൻസ് പുസ്തകങ്ങളുടെ അപര്യാപ്തതയും <br>* യഥാർത്ഥ മാതൃകയുടെ അഭാവം <br>* പ്രായോഗികമായ ഇടപ്പെടലുകൾ കുറവ് <br>* യഥാർത്ഥ ചരിത്രം കുട്ടിയിലേയ്ക്ക് എത്തിക്കാൻ കഴിയുന്നില്ല. വിനിമയ ത്തിന്റെ അപാകത <br>* സാമൂഹ്യ സാംസ്കാരിക വിനിമയ ത്തിന്റെ അപാകത കുട്ടികളിൽ നവോത്ഥാന മൂല്യങ്ങൾ ഇല്ലാതാക്കുന്നു. |

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| കലാ കായികം | കലാ കായിക പ്രവൃത്തിപരിചയ മേഖലയിൽ വേണ്ട രീതിയിൽ ശ്രദ്ധകേന്ദ്രീകരിക്കാൻ കഴിയുന്നില്ല. | | | | കുട്ടികൾക്കാവശ്യമായ വിദഗ്ദ്ധ പരിശീലനം നൽകുന്നതിന് റിസോഴ്സ് പേഴ്സന്റെ സേവനം ലഭ്യമല്ലാത്തത് മൂലം കുട്ടികൾക്ക് ഈ മേഖലയിൽ വേണ്ടത്ര മികവ് പുലർത്താൻ കഴിയുന്നില്ല. |
| ആരോഗ്യം | പ്രീപ്രൈമറി മുതലുള്ള കുട്ടികളിൽ ശരിയായ പോഷകാഹാരക്കുറവ് അനുഭവപ്പെടുന്നുണ്ട് രക്ഷിതാവിന്റെ അമിതമായ മദ്യപാനം മുഖാന്തിരം കുട്ടികളിൽ വൈകാരികവും മാനസികവുമായ പ്രശ്നങ്ങൾ ഉണ്ടാവുന്നു. | | | | ശരിയായ രീതിയിൽ പോഷകാഹാര ലഭ്യത ഉറപ്പുവരുത്താൻ കഴിയുന്നില്ല. സാമ്പത്തിക പ്രതിസന്ധി കാരണം ചില രക്ഷിതാക്കൾക്ക് വാങ്ങൽ ശേഷി കുറവാണ്. ദിവസവേതനക്കാരായ രക്ഷിതാക്കൾ അവരുടെ വരുമാനത്തിന്റെ ഭൂരിഭാഗവും മദ്യത്തിനുപയോഗിക്കുന്നു. |
| ഐ.റ്റി. | | | | | |

**ഹ്രസ്വകാല ലക്ഷ്യങ്ങൾ**

* 2023-24 മുൻവർഷങ്ങളിൽ കുട്ടികൾക്ക് സംഭവിച്ച പഠനവിടവുകൾ പരിഹരിക്കൽ
* ഭാഷാവിഷയങ്ങൾ, ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഐ.ടി. വിഷയങ്ങളിൽ അടിസ്ഥാന ധാരണ ഉറപ്പിക്കൽ
* പ്രകടന പത്രിക തയ്യാറാക്കി, വിദ്യാർത്ഥികളുടെ സമഗ്രഗുണതാവർദ്ധനവ് ഉറപ്പാക്കൽ
* പ്രീപ്രൈമറി മുതൽ ഏഴാം ക്ലാസ്സുവരെയുള്ള ക്ലാസ്സ് മുറികൾ സ്മാർട്ട് ക്ലാസ്സ് റൂമുകളായി പ്രവർത്തിക്കൽ.
* 2025-26 പുറ്റുമാനൂർ സ്കൂളിലെ അധ്യയന ദിനങ്ങൾ ആഹ്ലാദദിനങ്ങൾ.
* ഓരോ കുട്ടിയ്ക്കും പ്രത്യേകം പരിഗണന
* പോഷകാഹാരം, വ്യക്തിഗത ശ്രദ്ധ, മാനസികാരോഗ്യം എന്നിവ ഉറപ്പാക്കൽ
* ഓരോ കുട്ടിയ്ക്കും പോർട്ട് ഫോളിയോ
* ക്ലാസ് അധ്യാപകർ ഓരോ കുട്ടിയുടെയും ഭവനസന്ദർശനം നടത്തി റിപ്പോർട്ട് തയ്യാറാക്കൽ

**ദീർഘകാല ലക്ഷ്യങ്ങൾ**

* 2025-26 അധ്യായനവർഷം പുറ്റുമാനൂർ ഗവ. യു.പി. സ്കൂൾ സമ്പൂർണ്ണ ഗുണമേന്മ വിദ്യാലയമായി മാറണം.
* പ്രീപ്രൈമറി മുതൽ ഏഴാം ക്ലാസ്സുവരെ 182 വിദ്യാർത്ഥികൾ
* വിവിധ മേഖലകളിൽ കുട്ടികൾ മികവ് പ്രകടിപ്പിക്കണം
* അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് കുട്ടിയെ എത്തിക്കണം
* വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ 9, 10, 11, 12, 13, 15 വാർഡുകളിലെ മുഴുവൻ കുട്ടികളും പുറ്റുമാനൂർ സ്കൂളിൽ പഠിയ്ക്കണം.
* ശാസ്ത്രീയമായ വിദ്യാഭ്യാസം ഓരോ കുട്ടിയ്ക്കും ഉറപ്പാക്കണം.
* ശാരീരികവും മാനസികവുമായ വളർച്ച ഉറപ്പുവരുത്തണം
* വിവിധ മത്സരപരീക്ഷകൾ, സ്കോളർഷിപ്പുകൾ എന്നിവയിൽ മികച്ച റിസൾട്ട്
* കലാകായിക രംഗങ്ങളിൽ മികവ് പുലർത്തൽ
* ഏഴാംക്ലാസ്സ് പൂർത്തിയാക്കുന്ന 100% കുട്ടികൾക്കും അടിസ്ഥാനശേഷി കൈവരിക്കാൻ കഴിയണം.
* ഏറ്റവും മികച്ച അക്കാദമിക അന്തരീക്ഷം സൃഷ്ടിക്കാൻ കഴിയണം.
* വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് പരിധിയിലെ മോഡൽ സ്കൂളായി മാറണം.
* നൂതനാശയ പ്രവർത്തനങ്ങൾ മറ്റു വിദ്യാലയങ്ങൾക്കും നൽകുന്ന വിധത്തിൽ അക്കാദമിക വളർച്ച.

## സ്കൂൾതല പ്രവർത്തനങ്ങളുടെ ഫോർമാറ്റ്

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ മേഖല | സാമ്പത്തികം | റിപ്പോർട്ട് |
|---|---|---|---|---|---|---|
| 1. | അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ ആലോചന | 2025-26 അധ്യയനവർഷത്തെ സ്കൂൾ തല അക്കാദമിക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനെക്കുറിച്ച് പി.ടി.എ. സ്കൂൾ വികസന സമിതി, എന്നിവരുടെ നേതൃത്വത്തിൽ ആലോചനയും ചർച്ചയും | 2025 ഏപ്രിൽ | പ്രധാനാധ്യാപിക എസ്.ആർ.ജി. കൺവീനർ | 100 | |
| 2. | അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ SRG യോഗം | 2025-26 അധ്യയന വർഷത്തെ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് മുന്നോടിയായി ഓരോ വിഷയങ്ങളിലേയും എല്ലാ മേഖലകളിലേയും അവസ്ഥാപഠനം നടത്തൽ. | 2025 ഏപ്രിൽ | ക്ലാസ് അധ്യാപകർ | ഇല്ല | |
| 3. | അവസ്ഥാ പഠനം | രണ്ടാം ക്ലാസ് മുതൽ ഏഴാം ക്ലാസു വരെയുള്ള ഓരോ ക്ലാസിലേയും ഓരോ കുട്ടിയുടെയും നിലവിലെ അവസ്ഥ എന്തെന്ന് ഓരോ അധ്യാപകരും കണ്ടെത്തുന്നു. രേഖപ്പെടുത്തുന്നു. | 2025 ഏപ്രിൽ | ക്ലാസ് അധ്യാപകർ | ഇല്ല | |
| 4. | അവസ്ഥാ പഠനം കണ്ടെത്തലുകളുടെ ക്രോഡീകരണം | എസ്.ആർ.ജി. കൂടി അവസ്ഥാ പഠനത്തിലെ കണ്ടെത്തലുകൾ ക്രോഡീകരിക്കൽ. | 2025 ഏപ്രിൽ | എസ്.ആർ.ജി. കൺവീനർ | ഇല്ല | |
| 5. | സ്മാർട്ട് സ്കൂൾ | "പുറ്റുമാനൂർ സ്കൂളിലെ അധ്യയന ദിനങ്ങൾ ആഹ്ളാദ ദിനങ്ങൾ" ആക്കുന്നതിന്റെ ഭാഗമായി പ്രീപ്രൈമറി മുതൽ ഏഴാം ക്ലാസുവരെയുള്ള പഠന പ്രവർത്തനങ്ങൾ ആഹ്ളാദകരവും അറിവുനിർമ്മാണത്തിലധിഷ്ഠിതവുമായിരിക്കണം. ഈ വിദ്യാലയത്തിലെ ഓരോ | 2025 ഏപ്രിൽ | പ്രധാനാധ്യാപിക എസ്.ആർ.ജി. കൺവീനർ | 2000 | |

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ മേഖല | സാമ്പത്തികം | റിപ്പോർട്ട് |
|---|---|---|---|---|---|---|
| | | കുട്ടിയും അവരുടെ രക്ഷിതാക്കളും വിദ്യാലയത്തിൽ നിന്നും ലഭിക്കുന്ന സേവനത്തിൽ സന്തുഷ്ടരും തൃപ്തരുമായിരിക്കണം. ഇതിന്റെയടിസ്ഥാനത്തിൽ ഒരു വർഷത്തെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളെ 'സ്മാർട്ട് സ്കൂൾ' പദ്ധതിയിൽ ഉൾപ്പെടുത്തി പ്രഖ്യാപനം നടത്തണം. ഇതിന്റെ ഭാഗമായി പി.ടി.എ, സ്റ്റാഫ് കൗൺസിൽ എന്നിവ ചേർന്ന് ആലോചന നടത്തി, കർമ്മ പദ്ധതി അംഗീകരിക്കണം. | | | | |
| 6. | കർമ്മപദ്ധതി | 2025-26 അധ്യയനവർഷം പുറ്റുമാനൂർ ഗവ. യു.പി. സ്കൂളിൽ നിന്നും ഓരോ കുട്ടിയ്ക്കും ലഭിക്കേണ്ട അടിസ്ഥാന കാര്യങ്ങൾ ഉൾപ്പെടുത്തിയ 'പ്രകടന പത്രിക' തയ്യാറാക്കും. | 2025 ഏപ്രിൽ | എസ്.ആർ.ജി. കൺവീനർ | 10000 | |
| 7. | അക്കാദമിക് മാസ്റ്റർ പ്ലാൻ | 2025-26 അധ്യയനവർഷം പുറ്റുമാനൂർ ഗവ യു.പി. സ്കൂളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദമായ അക്കാദമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കൽ | 2025 ഏപ്രിൽ | എസ്.ആർ.ജി. കൺവീനർ | 1500 | |
| 8. | സ്മാർട്ട് സ്കൂൾ | 2025-26 അധ്യയനവർഷം 'അക്കാദമിക മികവ് വിദ്യാലയ മികവ്' എന്ന മുദ്രാവാക്യത്തിലധിഷ്ഠിതമായി വിദ്യാലയം ഏറ്റെടുത്ത് നടത്തുന്ന പദ്ധതികളുടെ പ്രഖ്യാപനം | 2025 ജൂൺ 1 | പ്രധാനാധ്യാപിക | ഇല്ല | |
| 9. | ഭാഷ-മലയാളം | കൈത്താങ്ങ് ഒന്നാം ക്ലാസു മുതൽ ഏഴാം ക്ലാസുവരെയുള്ള മുഴുവൻ കുട്ടികൾക്കും മാതൃഭാഷയിൽ അടിസ്ഥാന ശേഷി ഉറപ്പാക്കുന്ന പ്രവർത്തനം | 2025 ജൂൺ 6 തിങ്കൾ മുതൽ ഓഗസ്റ്റ് 27 ബുധൻ വരെ | റ്റി.റ്റി. പൗലോസ് | 20000 | |

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ മേഖല | സാമ്പത്തികം | റിപ്പോർട്ട് |
|---|---|---|---|---|---|---|
| 10. | ഭാഷ - മലയാളം | കൈത്താങ്ങ് ഒന്നാം ക്ലാസുമുതൽ ഏഴാം ക്ലാസുവരെയുള്ള കുട്ടികൾക്ക് മലയാള ഭാഷയിൽ വ്യവഹാരൂപങ്ങളിൽ മികച്ച ധാരണയുണ്ടാക്കൽ | 2026 ജൂൺ 19 മുതൽ ഫെബ്രുവരി 21 വരെ | ടി.ടി.പൗലോസ് | 10000 | |
| 11. | ഭാഷ - മലയാളം | 'എഴുത്തുകാരെ പരിചയപ്പെടാം' ഓരോ കുട്ടിയും തന്റെ പഠനപ്രവർത്തനങ്ങളുടെ ഭാഗമായി പരിയപ്പെട്ട എഴുത്തുകാരെ വിശദമായി പരിചയപ്പെടുന്നു. | 2025-26 അധ്യയന വർഷം | ക്ലാസ്സ് ടീച്ചർ | 5000 | |
| 12. | ഭാഷ - മലയാളം | ഓരോ കുട്ടിയും മലയാളഭാഷയുമായി ബന്ധപ്പെട്ട ഒരു പ്രൊജക്ട് വീതം ചെയ്യൽ | 2025-26 അധ്യയന വർഷം | | 5000 | |
| 15. | ഭാഷ മലയാളം ഇംഗ്ലീഷ് ഹിന്ദി | വായന സാമഗ്രികളുടെ നിർമ്മാണം - രമ്യ പി.ജി.(അധ്യാപിക) ക്ലാസ്സ് അധ്യാപക രുടെ നേതൃത്വത്തിൽ വായന പഠനസാമ ഗ്രികളുടെ നിർമ്മാണം | 2025-26 ജൂൺ | ക്ലാസ് ടീച്ചർ | 20000 | |
| 16. | ഭാഷ മലയാളം ഇംഗ്ലീഷ് ഹിന്ദി | ആണ്ടോളം നീണ്ട വായന - എല്ലാവരും സ്വതന്ത്രവായനക്കാർ ബൗദ്ധീകമായ പിന്നാക്കാവസ്ഥയില്ലാത്ത മുഴുവൻ കുട്ടികളേയും സ്വതന്ത്ര വായനയുടെ ലോകത്തേക്ക് എത്തിക്കുക എന്ന ലക്ഷ്യം വെച്ചുള്ള പ്രവർത്തനം.ഇതിനായി വിവിധ ഭാഷകളിലുള്ള പുസ്തകങ്ങൾ ലഭ്യമാക്കും. ഈ പുസ്തകങ്ങൾ സ്വതന്ത്രമായി കുട്ടിയ്ക്ക് വായിക്കാൻ കഴിയുന്ന തലത്തിലേയ്ക്ക് ഓരോ കുട്ടിയേയും എത്തിക്കും. | 2025 ജൂൺ 19 മുതൽ 2026 ഫെബ്രുവരി 21 വരെ | അനുപ്രിയ രാജ് | | |

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ മേഖല | സാമ്പത്തികം | റിപ്പോർട്ട് |
|---|---|---|---|---|---|---|
| 17. | ഭാഷ ഇംഗ്ലീഷ് | ഇംഗ്ലീഷ് ഭാഷയിലുണ്ടായ പഠന വിടവ് പരിഹരിക്കുന്നതിന് വേണ്ടി ലാംഗ്വേജ് ലാഡർ പദ്ധതി നടപ്പിലാക്കും. പാഠപുസ്ത കവുമായി ബന്ധമില്ലാതെ വിദ്യാലയ ത്തിന്റെ തനതായ പ്രവർത്തനം വഴി അടി സ്ഥാന ഭാഷാശേഷി കുട്ടിയിൽ ഉണ്ടാക്കി യെടുക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനം | 2025 ജൂൺ 19 മുതൽ ഫെബ്രുവരി 28 വരെ | രമ്യ പി.ജി. | 10000/- | |
| 18. | ഭാഷ ഇംഗ്ലീഷ് | ഇംഗ്ലീഷ് ഭാഷയുടെ ദൈനംദിന ഉപയോഗം വർദ്ധിപ്പിക്കുന്നതിന് വേണ്ടി എല്ലാ ദിവസവും ഒരു അധിക പ്രവർത്തനം കുട്ടിയ്ക്ക് നൽകണം. ഈ പ്രവർത്തനം ഓരോക്ലാസിലും ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നവർ നൽകേ ണ്ടതാണ്. | 2025 ജൂൺ 1 മുതൽ 2025 ഫെബ്രുവരി 28 വരെ | അതത് ക്ലാസിലെ ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്ന ടീച്ചർ | ഇല്ല | |
| 19. | ഭാഷ | ഭാഷോത്സവം - ഭാഷാപഠനത്തിൽ കുട്ടി കൾക്ക് ഉണ്ടായ വളർച്ച രക്ഷിതാക്കൾക്ക് ബോധ്യപ്പെടുത്തുന്നതിന് വേണ്ടി ഏക ദിന ഭാഷോത്സവം സംഘടിപ്പിക്കും. | 2025 ഫെബ്രുവരി 21 ചൊവ്വ | | 1000/- | |
| 20. | ഗണിതം | ക്ലാസ്തലത്തിൽ പഠനനേട്ടം പട്ടിക പ്പെടുത്തി രേഖപ്പെടുത്തൽ. തുടർന്ന് ഒരു വർഷം കൊണ്ട് കുട്ടിയുടെ പഠന നിലവാരത്തിൽ ഉണ്ടായ വർദ്ധനവ് ക്ലാസ് പി.ടി.എ.യിൽ ചർച്ച. | 2025 ജൂൺ മുതൽ | അതത് ക്ലാസിലെ ഗണിതാധ്യാപകർ | ഇല്ല | |
| 21. | ഗണിതം | ക്ലാസ് തലത്തിൽ ഓരോ കുട്ടിയും ഒരു മാസത്തിൽ ഒരു ഗണിതപ്രോജക്ട് വീതം തയ്യാറാക്കൽ. ഇങ്ങനെ തയ്യാറാ ക്കിയ പ്രോജക്ടുകൾ അതത് ക്ലാസിലെ ഗണിതാധ്യാപിക പരിശോധിക്കും. അധ്യാപകരുടെ വിലയിരുത്തലിനു | 2025 ഡിസംബർ 22 വരെ | ഗണിതക്ലബ്ബിന്റെ നേതൃത്വം ബിൻസി സി പൗലോസ് | ഇല്ല | |

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ മേഖല | സാമ്പത്തികം | റിപ്പോർട്ട് |
|---|---|---|---|---|---|---|
| | | ശേഷം ഓരോ പ്രോജക്ടുകളും മെച്ചപ്പെടുത്തി എഴുതാൻ അവസരം. തുടർന്ന് കുട്ടികൾ തയ്യാറാക്കിയ ഗണിത പ്രോജക്ടുകളുടെ പ്രദർശനവും പങ്കുവെയ്ക്കലും. ദേശീയ ഗണിതശാസ്ത്രദിനമായ ഡിസംബർ 22-ന് നടത്തും. ക്രിസ്തുമസ് പരീക്ഷക്കുള്ള ദിവസമാണെങ്കിലും ഉച്ചയ്ക്ക് ശേഷം പ്രദർശനം നടത്തും. | | | | |
| 22. | ഗണിതം | ഹാർഡ് സ്പോർട്ടുകൾ കണ്ടെത്തി പ്രത്യേക പരിശീലനം. ഗണിതത്തിൽ മനസിലാക്കുവാൻ കൂടുതൽ പ്രയാസം അനുഭവിക്കുന്ന മേഖലകൾ കുട്ടികളുടെ നേതൃത്വത്തിൽ കണ്ടെത്തി, അവ എളുപ്പത്തിൽ മനസ്സിലാക്കുവാൻ കഴിയുന്ന വിധത്തിൽ പ്രത്യേക പരിശീലനം നൽകൽ. കൂടാതെ ഗണിതശാസ്ത്രത്തിൽ മികവ് തെളിയിച്ച അധ്യാപകരെ പങ്കെടുപ്പിച്ച് ശില്പശാലകൾ | 2025 ജൂൺ മുതൽ 2026 മാർച്ച് | ഗണിത ശാസ്ത്ര ക്ലബ്ബ് ബിൻസി പൗലോസ് | ഇല്ല | |
| 23. | ശാസ്ത്രം | പ്രീമൈറി മുൽ ഏഴാം ക്ലാസുവരെയുള്ള മുഴുവൻ കുട്ടികൾക്കും ശാസ്ത്ര വിഷയത്തിൽ താത്പര്യം ജനിപ്പിക്കുന്നതിന് സാഹചര്യം സൃഷ്ടിക്കുക. ഇതിനായി ലഘു പ്രോജക്ടുകൾ കണ്ടെത്തി ചെയ്യുന്നതിനാവശ്യമായ സഹായങ്ങൾ കുട്ടികൾക്ക് ഒരുക്കി കൊടുക്കുന്നു. വിവിധ വിഷയമേഖലകൾ തിരിച്ച് കുട്ടികൾക്ക് നൽകുന്നു. അതാതു ക്ലാസ്സുകളിൽ വച്ച് പ്രോജക്ടുകൾ ചെയ്യുന്നു. | | | | |
| 24. | ശാസ്ത്രം | ശാസ്ത്രീയമായ കാഴ്ചപ്പാടുകൾ വികസിക്കുന്നില്ല എന്ന പ്രശ്നത്തെ അഭിമുഖീകരിക്കുന്നതിന് പ്രീപ്രൈമറി മുതൽ ശാസ്ത്ര പഠനം കാര്യക്ഷമമാക്കും. പ്രീപ്രൈമറിയുമായി ബന്ധപ്പെട്ട് കുട്ടികൾ ചെയ്യേണ്ട ലളിതമായ | 2025 ജൂൺ 1 മുതൽ 2026 മാർച്ച് 31 വരെ | ശാസ്ത്രക്ലബ്ബ് ബിൻസി പൗലോസ് | ഇല്ല | |

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ മേഖല | സാമ്പത്തികം | റിപ്പോർട്ട് |
|---|---|---|---|---|---|---|
| | | പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ വച്ച് പരിശീലിപ്പിക്കും. ശാസ്ത്രത്തിന്റെ സൗന്ദര്യം പ്രീപ്രൈമറി ക്ലാസ്സിൽ നിന്നും ആസ്വദിക്കുവാൻ പരിശീലിപ്പിക്കും. | | | | |
| 25. | ശാസ്ത്രം | ശാസ്ത്ര പരീക്ഷണങ്ങൾ സ്വയം ചെയ്തു പരിശീലിക്കുന്നതിന് അവസരം. ഒന്നാംക്ലാസ്സുമുതലുള്ള ശാസ്ത്രപരീക്ഷണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കും. അതതു ക്ലാസ്സുകളിൽ നിന്നും പരീക്ഷണങ്ങൾ ചെയ്തു നോക്കുന്നതിനും അവസരമൊരുക്കും. (ദിശയുടെ സ്പാർക്ക് പദ്ധതിയുമായി ബന്ധിപ്പിക്കും). | 2025 ജൂൺ 1 മുതൽ 2026 മാർച്ച് 31 വരെ | ശാസ്ത്രക്ലബ്ബ് ബിൻസി പൗലോസ് പ്രിയ വി | ഇല്ല | |
| 26. | ശാസ്ത്രം | ''ഓപ്പറേഷൻ സയൻസ് ലാബ്''ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്ത് പഠിച്ച കുട്ടികൾക്ക് ശാസ്ത്ര തത്വങ്ങൾ മനസ്സിലാക്കുവാൻ വേണ്ടി രണ്ട് ദിവസം നീണ്ടുനിൽക്കുന്ന ''ഓപ്പറേഷൻ സയൻസ് ലാബ്'' പദ്ധതി നടപ്പിലാക്കും. ഈ പ്രവർത്തനത്തിന്റെ ഭാഗമായി പാഠപുസ്തകങ്ങളിലെ മുഴുവൻ ശാസ്ത്രപരീക്ഷണങ്ങളും ചെയ്തു നോക്കാൻ അവസരം ഒരുക്കും. കേരളത്തിലെ പ്രശസ്തമായ ശാസ്ത്ര സംഘടനയായ മലപ്പുറം ടെക് നേതൃത്വം നൽകും. | 2025 നവംബർ 12, 13 ശനി ഞായർ | ശാസ്ത്രക്ലബ്ബ് ബിൻസി പൗലോസ് | 10000 | |
| 27. | ശാസ്ത്രം | ''ശാസ്ത്രകൗതുകം'' ശാസ്തത്തോട് താല്പര്യമുളള കുട്ടികളെ കണ്ടെത്തി അവർക്ക് ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങൾ നൽകും. ഒരു നിശ്ചിത എണ്ണം കുട്ടികൾക്ക് ഒരു ഗൈഡിന്റെ സേവനം ഉറപ്പിക്കും, തുടർന്ന് റൂറൽ സയൻസ് ആന്റ് ടെക്നോളജി സെന്റർ തുരുത്തിക്കരയുമായി സഹകരിച്ച് തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും, ഈ | 2025 ജൂൺ 1 മുതൽ 2026 ഫെബ്രുവരി 28 വരെ | | | |

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ മേഖല | സാമ്പത്തികം | റിപ്പോർട്ട് |
|---|---|---|---|---|---|---|
| | | കുട്ടികൾക്ക്‘‘ശാസ്ത്രകൗതുകം’’ പുസ്തകം സമ്മാനമായി നൽകും പുസ്തകം സ്പോൺസർ ചെയ്യിപ്പിക്കും. പുസ്തകത്തിന്റെ ഉള്ളടക്കം കുട്ടികളുമായി ചർച്ച ചെയ്യുകയും ലഘുപ്രോജക്ടുകൾ കുട്ടികളെക്കൊണ്ട് ചെയ്യിക്കും | | | | |
| 28. | സാമൂഹ്യ ശാസ്ത്രം | **ഒന്നാം ഘട്ടം**<br>നാട്, നാടുമായി ബന്ധപ്പെട്ട വിവരങ്ങൾ, അവയുടെ രേഖപ്പെടുത്തലുകൾ എന്നിവയിൽ മികച്ച ധാരണയുണ്ടാക്കുന്നതിന് ‘‘എന്റെ നാട് എന്റെ അഭിമാനം’’ പ്രവർത്തനം നടത്തും. ഒന്നാം ക്ലാസു മുതൽ ഏഴാം ക്ലാസുവരെയുള്ള മുഴുവൻ കുട്ടികളെയും പങ്കെടുപ്പിച്ച് 2022 ഓഗസ്റ്റ് 15 വ്യാഴം ഏകദിന പ്രവർത്തനം. ജനപ്രതിനിധികൾ, സാംസ്കാരിക പ്രവർത്തകർ, സ്കൂൾ വികസന സമിതി അംഗങ്ങൾ എന്നിവരെ പങ്കെടുപ്പിച്ച് വിപുലമായ പ്രവർത്തനം. നാടിന്റെ ചരിത്രം, നാട്ടിലെ സ്ഥാപനങ്ങൾ, വ്യക്തികൾ, വീടുകൾ, ആരാധനാലയങ്ങൾ എന്നിവ വിശദമായി പരിചയപ്പെടും. | 2025 ജൂൺ 1 മുതൽ 2025 ഓഗസ്റ്റ് 15 വരെ<br>രണ്ടാം ഘട്ടം 2025 ഓഗസ്റ്റ് 16 മുതൽ 2026 ജനുവരി 26 വരെ | അരുൺ അശോക് മീജ മൈക്കിൾ സാമൂഹ്യശാസ്ത്ര ക്ലബ്ബ് | ഇല്ല | |
| 29. | സാമൂഹ്യ ശാസ്ത്രം | **രണ്ടാം ഘട്ടം**<br>‘‘എന്റെ നാട് എന്റെ അഭിമാനം’’ പരിപാടിയുടെ ഭാഗമായി ഓരോ കുട്ടിയും ഒരു ലഘു പ്രോജക്ട് ചെയ്യണം. ഒന്നാം ക്ലാസു മുതൽ ഏഴാം ക്ലാസു വരെയുള്ള മുഴുവൻ കുട്ടികളും പ്രൊജക്ട് ചെയ്യണം. ഒന്നാംഘട്ടം പ്രവർത്തനങ്ങളുടെ തുടർച്ച | 2025 ഓഗസ്റ്റ് 16 ശനി മുതൽ 2026 ജനുവരി 26 തിങ്കൾ വരെ | | | |

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ മേഖല | സാമ്പത്തികം | റിപ്പോർട്ട് |
|---|---|---|---|---|---|---|
| | സാമൂഹ്യ ശാസ്ത്രം | യായി ചെയ്യുന്ന പ്രവർത്തനമായതിനാൽ പോരായമകൾ പരിഹരിച്ചായിരിക്കും രണ്ടാംഘട്ടം.<br>-> വ്യക്തിഗത പ്രോജക്ടുകൾ തയ്യാറാക്കൽ<br>-> പ്രോജക്ടുകളുടെ ഗൈഡായി ഓരോ കുട്ടിയുടെയും വാർഡ് മെമ്പർ<br>-> വാർഡ് മെമ്പറുടെ നേതൃത്വത്തിൽ പ്രോജക്ട് ചെയ്യുന്ന കുട്ടികളുടെ സംഗമം. ദിശയുടെ പഠന വീടുകളുമായി ബന്ധിപ്പിക്കൽ.<br>2026 ജനുവരി 26-ന് ഓരോ കുട്ടികളും വാർഡുമെമ്പറുടെ നേതൃത്വത്തിൽ പുറ്റുമാനൂർ സ്കൂളിൽ സംഗമിക്കുന്നു.<br>**മൂന്നാം ഘട്ടം**<br>2026 ജനുവരി 26-ന് "എന്റെ നാട് എന്റെ അഭിമാനം" സംഗമം സംഘടിപ്പിക്കുന്നു. ഓരോവാർഡിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട വ്യക്തികളെ വിദ്യാലയത്തിലേയ്ക്ക് ക്ഷണിക്കുന്നു. തുടർന്ന് കുട്ടികൾ അവരുടെ പ്രോജക്ടിന്റെ ഭാഗമായി കണ്ടെത്തിയ കാര്യങ്ങൾ വാർഡ് മെമ്പർ, വിശിഷ്ട വ്യക്തി, മെന്റർ എന്നിവരുടെ മുന്നിൽ അവതരിപ്പിക്കുന്നു. ചർച്ച, കൂട്ടിച്ചേർക്കൽ. | 2026 ജനുവരി 26 വ്യാഴം | അരുൺ അശോക് | 5000/- | |
| | സാമൂഹ്യ ശാസ്ത്രം | **നാലാം ഘട്ടം**<br>കുട്ടികൾ തയ്യാറാക്കിയ പ്രോജക്ടുകൾ പരിശോധിച്ച് "എന്റെ നാട് എന്റെ | 2025 ജനുവരി 27 മുതൽ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്<br>അരുൺ അശോക് | 50000/- | |

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ മേഖല | സാമ്പത്തികം | റിപ്പോർട്ട് |
|---|---|---|---|---|---|---|
| | | അഭിമാനം'' പത്രിക തയ്യാറാക്കുന്നു.<br>പത്രികയുടെ ഉള്ളടക്കം.<br>-> നാടിന്റെ ചരിത്രം<br>-> നാട്ടിലെ സ്ഥാപനങ്ങൾ<br>-> കുടുംബങ്ങൾ - അവയുടെ ചരിത്രം<br>-> വിശിഷ്ട വ്യക്തികൾ<br>-> കാർഷിക പാരമ്പര്യം<br>-> വ്യവസായ സ്ഥാപനം- ചരിത്രം നാൾവഴികൾ<br>-> ആരാധനാലയങ്ങൾ<br>-> നേട്ടങ്ങൾ, മറക്കാൻ പറ്റാത്ത സംഭവങ്ങൾ | 2026 ഏപ്രിൽ 30 വരെ | | | |
| 30. | സാമൂഹ്യ ശാസ്ത്രം | **അക്ഷരമഹോത്സവം**<br>പുറ്റുമാനൂർ സ്കൂളിലെ അധ്യായന ദിനങ്ങൾ ആഹ്ളാദ ദിനങ്ങൾ എന്ന മുദ്രാവാക്യത്തിലൂന്നി നിന്നുകൊണ്ട് ''അക്ഷരമഹോത്സവം'' ആഹാദം ... അറിവ്... ആനന്ദം എന്ന പേരിൽ 2026 ജനുവരി കൊടിയേറ്റം നടത്തി, 5-ാംമത് ആയി അക്ഷര മഹോത്സവം നടത്തും. 9 ദിവസങ്ങളിൽ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകും. വിശദമായ പദ്ധതി തയ്യാറാക്കും. | 2026 ജനുവരി 26 മുതൽ 2026 മാർച്ച് 1 വരെ നീണ്ടു നിൽക്കും | വാർഡ് മെമ്പർ<br>പി.ടി.എ.<br>മാതൃസംഘം<br>ടി.ടി. പൗലോസ്<br>എസ്.ആർ.ജി.<br>ഒ.എസ്.എ. | 100000/- | |

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ മേഖല | സാമ്പത്തികം | റിപ്പോർട്ട് |
|---|---|---|---|---|---|---|
| | | **അക്ഷര മഹോത്സവം - നിർവഹണം** 2021-22 അധ്യയനവർഷം നടത്തിയ അക്ഷരമഹോത്സവം വൻവിജയമായി രുന്നു. 2022 ഫെബ്രുവരി 14 തിങ്കളാഴ്ച കൊടിയേറ്റി, 2022 ഏപ്രിൽ 1 വെള്ളിയാഴ്ച കൊടിയിറക്കം നടത്തിയ പരിപാടി വിദ്യാലയത്തിന്റെ സാമൂഹ്യ ഇടപെടൽ വർധിപ്പിക്കുന്നതിന് നിമിത്ത മായി. കൂടാതെ വിവിധ മേഖലകളിൽ കുട്ടികൾക്ക് കഴിവ് പ്രകടിപ്പിക്കുന്നതിന് അവസരവും ലഭിച്ചു. ആയതിനാലാണ് അക്ഷരമഹോത്സവം എല്ലാവർഷവും നടത്താൻ പി.ടി.എ. തീരുമാനിച്ചത്. ഈ അധ്യയന വർഷം അഞ്ചാമത് അക്ഷര മഹോത്സവം 2026 ജനുവരി മുതൽ 2026 മാർച്ച് വരെ നടത്തും. വിശദാംശങ്ങൾ കമ്മറ്റി കൂടി തീരുമാനിക്കും. | | | | |
| 31. | കായികം | പ്രീപ്രൈമറി മുതൽ ഏഴാം ക്ലാസുവരെ യുള്ള മുഴുവൻ കുട്ടികളുടെയും കായിക ശേഷി ഉറപ്പുവരുത്തുന്നതിന് വേണ്ടി കായിക പരിശീലനം നൽകും. സ്കൂളിന് വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച കായിക ഉപകരണങ്ങൾ ഉപയോഗിച്ച് പരിശീലനം നൽകും. കൂടാതെ ഒരു കായിക അധ്യാപകന്റെ സേവനം ഉറപ്പാക്കും എല്ലാ അധ്യായന ദിനങ്ങളിലും സ്കൂൾ അസംബ്ലി സംഘടിപ്പിക്കുകയും വ്യായാമം പരിശീലിപ്പിക്കുകയും ചെയ്യും | 2022 ജൂൺ 1 മുതൽ 2023 മാർച്ച് 31 വരെ | അരുൺ അശോക് സ്കൂൾ ഹെൽത്ത് ക്ലബ്ബ് | ഇല്ല | |

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ മേഖല | സാമ്പത്തികം | റിപ്പോർട്ട് |
|---|---|---|---|---|---|---|
| 32. | കല | വിദ്യാലയത്തിൽ കലയോട് താല്പര്യമുള്ള കുട്ടികൾക്ക് വേണ്ടി കലാപരിശീലനം നൽകും. വിദ്യാലയത്തിന് സമീപമുള്ള നൃത്തവിദ്യാലയത്തിന്റെ സേവനം പ്രയോജനപ്പെടുത്തിയാണ് ഒരു വർഷം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടി സംഘടിപ്പിക്കുക. കൂടാതെ സാംസ്കാരിക വകുപ്പ്, ആർ.എൽ.വി. കോളേജ് എന്നിവയുമായി സഹകരിച്ച് വിവിധ കലകളിൽ പരിശീലനം നൽകും. സ്കൂൾ വാർഷികം നാടിന്റെ ഉത്സവമാക്കി ആഘോഷിക്കും. സ്കൂൾ വാർഷികത്തിന് കലാപരിശീലനം നൽകിയ അധ്യാപക രുടെ നേതൃത്തിൽ കലാസന്ധ്യ നടത്തും. | 2025 ജൂൺ 1 മുതൽ 2026 മാർച്ച് 31 വരെ | അരുൺ അശോക് സ്കൂൾ ഹെൽത്ത് ക്ലബ്ബ് | ഇല്ല | |
| 33. | പ്രവൃത്തി പരിചയം | പ്രീപ്രൈമറി മുതൽ ഏഴാം ക്ലാസുവരെ യുള്ള കുട്ടികൾക്ക് പ്രവൃത്തി പരിചയ പരിശീലനം നൽകും. വിദ്യാലയത്തിന്റെ നേതൃത്വത്തിൽ സോപ്പ്, സേപ്പുപൊടി, ഫിനോയിൽ, തുടങ്ങിയവ നിർമ്മിക്കും. വിദ്യാർത്ഥികൾക്കും നാട്ടിലെ വീടുകളിലും ഇവ എത്തിക്കും. കൂടാതെ പേപ്പർ ബാഗ് നിർമ്മാണം, എൽ.ഇ.ഡി. ബൾബ് നിർമ്മാണം എന്നിവയിൽ പരിശീലനം നൽകും. തുരുത്തിക്കര സയൻസ് സെന്റർ, കേരള ശാസ്ത്ര-സാഹിത്യ പരിഷത്ത് എന്നിവരു മായി സഹകരിച്ച് പ്രവർത്തനങ്ങൾ നടത്തും. കൂടാതെ വീട്ടമ്മമാർ, കുടുംബശ്രീ പ്രവർത്തകർ, റെസിഡൻസ് അസോസിയേഷനുകൾ, | | | | |

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ മേഖല | സാമ്പത്തികം | റിപ്പോർട്ട് |
|---|---|---|---|---|---|---|
| | | കുടുംബയൂണിറ്റ് എന്നിവരുമായി ചേർന്ന് പ്രവർത്തിക്കും. | | | | |
| 34. | പ്രവൃത്തി പരിചയം | **ഏകദിന പഠന സാമഗ്രികളുടെ നിർമ്മാണം** പ്രീപ്രൈമറി മുതൽ ഏഴാം ക്ലാസുവരെയുള്ള കുട്ടികൾക്ക് അവരുടെ പാഠപുസ്തകവുമായി ബന്ധപ്പെട്ട സാമഗ്രികൾ നിർമ്മിക്കാനും പുതിയവ പരിചയപ്പെടുന്നതിനും വേണ്ടി ഏകദിന ശില്പശാല സംഘടിപ്പിക്കും.ഇതിനായി വടയമ്പാടി ഗവ എൽ.പി. സ്കൂളിലെ പ്രീപ്രൈമറി ടീച്ചറായ ശ്രീജ വടയമ്പാടിയുടെ സേവനം പ്രയോജനപ്പെടുത്തും. അവധിക്കാലം അധ്യാപക പരിശീലന പരിപാടിയിൽ പരിചയപ്പെടുത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്കും കുട്ടികൾക്കും പ്രയോജനപ്പെടുന്ന വിധത്തിലായിരിക്കും പരിശീലനം. | 2025 ജൂൺ 18 ശനിയാഴ്ച മുതൽ 2026 നവംബർ 14 വരെ | ജിഷാ സെബാസ്റ്റ്യൻ | 2500/- | |
| 35. | ആരോഗ്യം | **'അക്ഷയ' സ്കൂൾ ഭക്ഷണ വിതരണ പദ്ധതി** പുറ്റുമാനൂർ ഗവ. യു.പി. സ്കൂളിലെ പ്രീപ്രൈമറി മുതൽ ഏഴാം ക്ലാസുവരെയുള്ള കുട്ടികളുടെ ആരോഗ്യകാര്യങ്ങളിൽ മികച്ച ഇടപെടൽ നടത്തുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്ത്, പി.ടി.എ., പൂർവ്വ വിദ്യാർത്ഥികൾ, ജെ.സി.ഐ. കരിമുകൾ എന്നിവരുടെ നേതൃത്വത്തിൽ വിദ്യാലയത്തിൽ നടത്തുന്ന സമ്പൂർണ്ണ ഭക്ഷണ വിതരണ പദ്ധതിയാണ് അക്ഷയ. അക്ഷയ | | | | |

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ മേഖല | സാമ്പത്തികം | റിപ്പോർട്ട് |
|---|---|---|---|---|---|---|
| | | പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് നേതൃത്വം നൽകി കൊച്ചി റിഫൈനറിയുടെ സഹകരണത്തോടെ പ്രഭാത ഭക്ഷണം നൽകും. കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ രണ്ട് കൂട്ടം കറി ഉൾപ്പെടെ ഉച്ചഭക്ഷണം. ആഴ്ചയിൽ ഒരു ദിവസം മുട്ട, ആഴ്ചയിൽ രണ്ട് ദിവസം പാൽ എന്നിവ നൽകും. | | | | |
| 36. | ആരോഗ്യം | പുറ്റുമാനൂർ ഗവ. യു.പി. സ്കൂളിലെ പ്രീപ്രൈമറി മുതൽ ഏഴാം ക്ലാസുവരെയുള്ള മുഴുവൻ കുട്ടികളുടെയും സമഗ്രമായ വളർച്ച ഉറപ്പാക്കുന്നതിന് വേണ്ടി വിദ്യാലയത്തിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.<br><br>**മാജിക് മില്ലെറ്റ്സ് പദ്ധതി**<br><br>പ്രീപ്രൈമറി മുതൽ ഏഴാം ക്ലാസുവരെയുള്ള മുഴുവൻ കുട്ടികളുടെയും ആരോഗ്യം മികച്ചതാക്കുന്നതിനും പോഷക സമൃദ്ധമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിനും വേണ്ടി കരിമുകൾ ജെ.സി.ഐ. യുടെ നേതൃത്വത്തിൽ ഒരുവർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനം എല്ലാ മാസവും ഒന്നാമത്തെയും മൂന്നാമത്തെയും വെള്ളിയാഴ്ചകളിൽ ഓരോ കുട്ടിയ്ക്കും മില്ലെറ്റ്സ് നൽകും. പദ്ധതിയുടെ തുടക്കത്തിൽ ഓരോ കുട്ടിയുടെയും ആരോഗ്യവിവരങ്ങൾ പരിശോധിച്ച് ആവശ്യമായ പിന്തുണ | 2025 ജൂൺ 3 മുതൽ 2026 മാർച്ച് 17 വരെ | പ്രിയ വി സ്കൂൾ ഹെൽത്ത് | 200000/- | |

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ മേഖല | സാമ്പത്തികം | റിപ്പോർട്ട് |
|---|---|---|---|---|---|---|
| | | നൽകും. ബി.എം.ഐ., ആരോഗ്യസ്ഥിതി എന്നിവ ഡോക്ടർമാരുടെ നേതൃത്വത്തിൽ പരിശോധിക്കും.<br><br>പദ്ധതിയുടെ അവസാന മാസവും പരിശോധന നടത്തും.<br><br>**അമ്മക്കറി**: സ്കൂൾ മാതൃസംഘം എല്ലാ ബുധനാഴ്ചകളിലെയും ഉച്ചഭക്ഷണ ത്തോടൊപ്പം താള്, പിണ്ടി, പയർ, ഇലക്കറികൾ എന്നിവ നൽകി കുട്ടികൾക്ക് പോഷകാഹാരം ഉറപ്പാക്കുന്നു.<br><br>**സമ്പ്രേതര ഭക്ഷണം**: എല്ലാ ചൊവ്വാഴ്ചയും പ്രീപ്രൈമറി മുതൽ ഏഴുവരെയുള്ള ക്ലാസ്സു കളിൽ മുഴുവൻ കുട്ടികൾക്കും. | | | | |
| 37. | | | | | | |